പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5644 27.03.2018-ൽ മറുപടിയ്ക്ക്

## വാഹന നിരീക്ഷണ സംവിധാനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എ. എൻ. ഷംസീർ<br>ശ്രീ. പുരുഷൻ കടലുണ്ടി<br>ശ്രീ. എം. നൗഷാദ്<br>ശ്രീ. രാജു എബ്രഹാം | | ശ്രീ. എ . കെ . ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി മോട്ടോർ വാഹന വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ; | (എ) | ബഹുമാനപ്പെട്ട സുപ്രീ കോടതി നിയോഗിച്ച റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട കമ്മിറ്റിയുടെ നിർദ്ദേശാനുസരണം നിലവിൽ അമിതവേഗത്തിലും അമിതഭാരം കയറ്റിയും വാഹനമോടിക്കുക, സിഗ്നൽ ലംഘനം, ഡ്രൈവിങ്ങിനിടയിൽ മൊബൈൽ ഫോൺ ഉപയോഗം, മദ്യപിച്ച് വാഹനമോടിക്കൽ എന്നീ നിയമലംഘനങ്ങൾക്കെതിരെയുള്ള പരിശോധനകൾ കൂടുതൽ കർശനമാക്കിയിട്ടുണ്ട്. കൂടാതെ ആധുനിക ഇന്റർസെപ്റ്റർ വാഹനങ്ങൾ ഉപയോഗിച്ചുള്ള പരിശോധനകളും ശക്തമാക്കിയിട്ടുണ്ട്. |
| (ബി) | റഡാർ, ക്യാമറ സർവൈലൻസ് സമ്പ്രദായം നിലവിൽ ഏതെല്ലാം മേഖലകളിലുണ്ട്; ഈ സമ്പ്രദായം ദേശീയ പാതയിലും സംസ്ഥാന പാതയിലും വ്യാപകമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | ചേർത്തല മഞ്ചേശ്വരം പാതയിലും കൊല്ലം, കോട്ടയം, എറണാകുളം, കണ്ണൂർ ജില്ലകളിലും ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. കേരളത്തിലെ മറ്റ് റോഡുകളിലേയ്ക്കും ഇവ വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. |
| (സി) | റോഡപകടങ്ങൾക്ക് പ്രധാന കാരണക്കാരായ സ്വകാര്യ ബസ്സുകളെയും ടിപ്പർ ഉൾപ്പെടെയുള്ള വലിയ ചരക്കുവാഹനങ്ങളെയും ജി. പി .എസ്. സംവിധാനം വഴി നിരീക്ഷിക്കുവാൻ വേണ്ട സജ്ജീകരണം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ? | (സി) | ഉദ്ദേശിക്കുന്നുണ്ട്. ഇതിനായുള്ള നടപടികൾ പുരോഗമിച്ച് വരുകയാണ്. |

സെക്ഷൻ ഓഫീസർ